School code:19880

# MHMAUP SCHOOL KILINAKODE

Cherur.P.O , Vengara Sub Dt. Kannamangalam
19880mhmaups@gmail com

# ACADEMIC MASTER PLAN 2025-26



# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

## 2025-26

K. G. KRIPARAJ
Head Master
S.K.M.A.U.P. SCHOOL
Ullinakode PO. Cherpu
Vengara

# മലയാളം യു.പി. തലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷിവികസനം<br><br>ആശയസംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | <u>എന്റെ അവധിക്കാലം</u><br><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവകുറിപ്പ്)അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അദ്ധ്യാപകർ | |
| | <u>ഭാഷാകേളി</u><br><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അദ്ധ്യാപകർ | |
| | <u>വാക്കുകളിൽനിന്ന് വാക്യത്തിലേക്ക്</u><br><br>അക്ഷരങ്ങളും, ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ | മലയാളം അദ്ധ്യാപകർ | |

| | | | | |
|---|---|---|---|---|
| 2. പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പുവരുത്തുക | **വാർത്താലോകത്തേക്ക്**<br>പാത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കു കയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തു കയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ | മലയാളം അദ്ധ്യാപകർ |
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരോ ടും ഉള്ള അനു കൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം - മുഖാമുഖം**<br>സാഹിത്യകാരൻമാർ - എഴുത്തു കാർ - കലാകാരൻമാർ എന്നിവരു മായുള്ള അഭിമുഖ സംഭാഷണം. | വർഷത്തിൽ രണ്ടു പ്രാവിശ്യം | ഹെഡ് മാസ്റ്റർ മലയാളം അദ്ധ്യാപകൻ | പിടിഎ |
| 4. മലയാളം കമ്പ്യൂട്ടറിങ്ങ് പരിജ്ഞാനം നേടി എടുക്കൽ | മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിഗ് പരിശീലിപ്പിക്കുകയും ഇ മാഗസിൻ പ്രസിദ്ധികരിക്കുകയും ചെയ്യുന്നു. | രണ്ടു വർഷം | ഐടി അധ്യാപകർ | മലയാളം ക്ലബ് |

| | | | | |
|---|---|---|---|---|
| | മുഴുവൻ പഠിതാക്കളെയും സർഗ്ഗാത്മക രചനകൾ ഉൾകൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അദ്ധ്യാപകർ | മലയാളം ക്ലബ് |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ . | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവസരം നല്കുന്നു.<br>വിദഗ്ധരരായ നാടക കലാകാരൻമാരെയും പങ്കെടുപ്പിച്ച്കൊണ്ട് ശില്പ ശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി ടി എ സ്കൂൾ | പി ടി എ |
| 6. കുട്ടികളുടെ ആകാശവാണി അവതരണ മികവ് | വിശേഷദിനങ്ങളും, ദിനാചരണങ്ങളുമായി വിവിധ മികവ് തെളിയിക്കുന്ന കുട്ടികളുമായി അഭിമുഖം നടത്തുന്നു. | രണ്ടുമാസത്തിലൊരിക്കൽ | ക്ലാസ് ലീഡർ സ്കൂൾ ലീഡർ മലയാളം അദ്ധ്യാപകർ | വിവിധ ക്ലബ്ബുകൾ പി.ടി.എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല – അക്കാദമികം (UP & HS) ഉപമേഖല: സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc... | |

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്രഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# ഉർദു അക്കാദമിക്
# മാസ്റ്റർ പ്ലാൻ- 2025-26

## യു പി. തലം

School: MHMAUP School Kilinakode

Name of the Urdu Teacher: RIYAS. K

## ആമുഖം

ഇന്ത്യയിൽ ജനിച്ച്, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഢീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

.............................................................. സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസരഹിതവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഢോ ആഗെ ബഢോ<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്റ്റ് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്റ്റ് കൗൺസിൽ |
| 2 | മേരെ അൽഫാസ്<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്റ്റ് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്റ്റ് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം ,വായന കാർഡ് നിർമാണം | | | | |
| 3 | **E-ദുനിയ** ഉർദു ലൈബ്രറി | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ബസ്മെ-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>ഭാഷാ സെമിനാർ<br>എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാശ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം |

| | | | | |
|---|---|---|---|---|
| | മുഴുവൻ പഠിതാക്കളെയും സർഗ്ഗാത്മക രചനകൾ ഉൾകൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അദ്ധ്യാപകർ | മലയാളം ക്ലബ് |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവസരം നല്കുന്നു.<br>വിദഗ്ധരരായ നാടക കലാകാരൻമാരെയും പങ്കെടുപ്പിച്ച്കൊണ്ട് ശില്പ ശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പിടിഎ സ്കൂൾ | പിടിഎ |
| 6. കുട്ടികളുടെ ആകാശവാണി അവതരണ മികവ് | വിശേഷദിനങ്ങളും, ദിനാചരണങ്ങളുമായി വിവിധ മികവ് തെളിയിക്കുന്ന കുട്ടികളുമായി അഭിമുഖം നടത്തുന്നു. | രണ്ടുമാസത്തിലൊരിക്കൽ | ക്ലാസ് ലീഡർ സ്കൂൾ ലീഡർ മലയാളം അദ്ധ്യാപകർ | വിവിധ ക്ലബ്ബുകൾ പി.ടി.എ |

അപ്പർ പ്രൈമറി ക്ലാസുകളിലേക്കുള്ള

അറബി ഭാഷാ പാഠനം

# അക്കാദമിക് മാസ്റ്റർ പ്ലാൻ




പി.ടി ഫിറോസ് ഖാൻ

**എം.എച്ച്. എം.എ.യു.പി സ്കൂൾ കിളിനക്കോട്**

അപ്പർ പ്രൈമറി ക്ലാസുകളിലേക്കുള്ള അറബി ഭാഷാ പഠനം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

• മുഹ്സിനത്ത് ഹക്കീം ഉർക്കനാട്
( എ.യു.പി സ്കൂൾ കരുപ്പള്ളി )

ആമുഖം:

ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ മാത്രമല്ല, ഓരോ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയത്തുടിപ്പുകളാണ്. അറിവിന്റെയും അവസരങ്ങളുടെയും പുതിയ ലോകങ്ങളിലേക്ക് അവ വാതായനങ്ങൾ തുറക്കുന്നു. ഈ കാഴ്ചപ്പാടിൽ, അപ്പർ പ്രൈമറി ക്ലാസുകളിലെ (5,6,7 ക്ലാസുകൾ) വിദ്യാർത്ഥികൾക്ക് അറബി ഭാഷാ പഠനം ഒരു പുതിയ അനുഭവമാണ് നൽകുന്നത്. ലോകത്ത് ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നും സമ്പന്നമായ സാംസ്കാരിക പൈതൃകവുമുള്ള അറബി, നമ്മുടെ കുട്ടികൾക്ക് ഭാവിയിൽ വലിയ സാധ്യതകളാണ് തുറന്നു തരുന്നത്.

കേവലം ഒരു പാഠ്യവിഷയത്തിനപ്പുറം, അറബി ഭാഷയെ എങ്ങനെ സജീവവും പ്രായോഗികവുമാക്കാം എന്ന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിശദീകരിക്കുന്നു. പഠനത്തെ ഒരു ഭാരമാക്കാതെ, കുട്ടികളുടെ സർഗ്ഗാത്മകവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന ഒരു മാധ്യമമാക്കി ഇതിനെ മാറ്റാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. നവീനമായ പഠനരീതികളിലൂടെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയും അറബി ഭാഷാ പഠനം കൂടുതൽ ലളിതവും രസകരവുമാക്കാം. ഭാഷയോടുള്ള അഭിരുചി വളർത്തുന്നതിനൊപ്പം, അറബി സംസ്കാരത്തെയും പാരമ്പര്യത്തെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാനും ഈ സമഗ്രമായ പദ്ധതി സഹായിക്കും. നമ്മുടെ കുട്ടികൾക്ക് അറബി ഭാഷയെ സ്നേഹിക്കാനും അവരുടെ ദൈനംദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.

വിഷൻ **(Vision):**

അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ, വിദ്യാർത്ഥികളിൽ ഭാഷയോടുള്ള സ്നേഹവും താൽപ്പര്യവും വളർത്തി, അതിന്റെ സാംസ്കാരികവും ആശയവിനിമയപരവുമായ പ്രാധാന്യം മനസ്സിലാക്കി, അടിസ്ഥാനപരമായ ഭാഷാശേഷികൾ (കേൾക്കൽ, സംസാരം, വായന, എഴുത്ത്) ആർജ്ജിക്കാൻ അവരെ പ്രാപ്തരാക്കുക.

മിഷൻ **(Mission):**

നവീനമായ പാഠതന്ത്രങ്ങളിലൂടെയും സാങ്കേതികവിദ്യയുടെ സഹായത്തോടെയും വിദ്യാർത്ഥികൾക്ക് അറബി ഭാഷ ലളിതവും രസകരവുമാക്കുക. ദൈനംദിന ജീവിതത്തിൽ അറബി ഭാഷ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷാപഠനം ഒരു മനോഹരമായ അനുഭവമാക്കി മാറ്റുകയും ചെയ്യുക.

<u>പ്രധാന ലക്ഷ്യങ്ങൾ **(Key Objectives):**</u>

1. ശബ്ദജ്ഞാനം **(Phonetics):** അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക.
2. പദസമ്പത്ത് വികസിപ്പിക്കൽ **(Vocabulary Expansion):** അടിസ്ഥാനപരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. സംഭാഷണ ശേഷി **(Conversational Skills):** ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
4. വായനാശേഷി **(Reading Skills):** ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസ്സിലാക്കാനുള്ള കഴിവ് വളർത്തുക.
5. എഴുത്തുശേഷി **(Writing Skills):** അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക.
6. വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ **(Basic Grammar):** അറബി വ്യാകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.
7. സാംസ്കാരിക അവബോധം **(Cultural Awareness):** അറബി ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും കുറിച്ച് അവബോധം നൽകുക.

<u>ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ **(Class-wise Objectives):**</u>

ക്ലാസ് **5:**

- അറബി അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.
- ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുള്ള വാക്കുകളും തിരിച്ചറിയുക.
- അടിസ്ഥാനപരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻ പഠിക്കുക (ഉദാഹരണത്തിന്, പേര്, വയസ്സ്).
- ചിത്രങ്ങൾ ഉപയോഗിച്ച് ലളിതമായ അറബി വാക്കുകൾ പഠിക്കുക.

- ചെറിയ പാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.

ക്ലാസ് **6:**

- ചെറിയ അറബി വാക്യങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.
- അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക.
- ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാനും ചോദ്യങ്ങൾ ചോദിക്കാനും പഠിക്കുക.
- ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക (ഉദാഹരണത്തിന്, ഭക്ഷണം, സ്കൂൾ, കുടുംബം).
- ചെറിയ ഖണ്ഡികകൾ വായിച്ച് പ്രധാന ആശയങ്ങൾ മനസ്സിലാക്കുക.
- ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.

ക്ലാസ് **7:**

- കൂടുതൽ സങ്കീർണ്ണമായ അറബി വാക്യങ്ങളും ചെറിയ കഥകളും വായിച്ച് മനസ്സിലാക്കുക.
- പദസമ്പത്ത് കൂടുതൽ വികസിപ്പിക്കുക.
- വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശീലിക്കുക.
- അടിസ്ഥാനപരമായ വ്യാകരണ നിയമങ്ങൾ (ഉദാഹരണത്തിന്, ഏകവചനം/ബഹുവചനം, സ്ത്രീലിംഗം/പുല്ലിംഗം) മനസ്സിലാക്കുക.
- ചെറിയ വിവരണങ്ങളും കത്തുകളും അറബിയിൽ എഴുതാൻ ശ്രമിക്കുക.
- അറബി ഭാഷാ പാട്ടുകളും വീഡിയോകളും കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക.

## പഠനരീതികൾ (Pedagogical Approaches):

### 1. സംവേദനാത്മക പഠനം (Interactive Learning):

ചോദ്യോത്തരങ്ങൾ, സംഭാഷണങ്ങൾ, റോൾ പ്ലേ എന്നിവയിലൂടെ ഭാഷാ പഠനം സജീവമാക്കുക.

### 2. കളിയിലൂടെ പഠനം (Play-way Method):

ഗെയിമുകൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക.

### 3. ദൃശ്യ-ശ്രാവ്യ പഠനം (Audio-Visual Aids):

ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ ധാരാളമായി ഉപയോഗപ്പെടുത്തുക.

4. കഥപറച്ചിൽ **(Storytelling):**

ലളിതമായ അറബി കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക.

5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ **(Group Activities):**

വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം, വായന, എഴുത്ത് എന്നിവ പരിശീലിപ്പിക്കുക.

6. സാങ്കേതിക വിദ്യയുടെ ഉപയോഗം **(Technology Integration):**

അറബി ഭാഷാ പഠനത്തിനുള്ള ആപ്ലിക്കേഷനുകൾ, വെബ്സൈറ്റുകൾ, ഓൺലൈൻ നിഘണ്ടുക്കൾ എന്നിവ പരിചയപ്പെടുത്തുക.

7. ആശയവിനിമയത്തിലൂന്നിയ പഠനം **(Communicative Approach):**

ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി കണ്ട്, സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക.

8. പദ്ധതി അധിഷ്ഠിത പഠനം **(Project-Based Learning)**:

അറബി ഭാഷയുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്റ്റുകൾ നൽകുക (ഉദാഹരണത്തിന്, അറബി പദസമ്പത്ത് ചാർട്ട് ഉണ്ടാക്കുക, ഒരു ചെറിയ സംഭാഷണം അവതരിപ്പിക്കുക).

**മൂല്യനിർണ്ണയം (Assessment):**

- തുടർച്ചയായ മൂല്യനിർണ്ണയം **(Continuous Assessment):** ക്ലാസ് റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം, നോട്ടുബുക്ക് പരിശോധന എന്നിവയിലൂടെ നിരന്തരമായ വിലയിരുത്തൽ.
- ഫോർമേറ്റീവ് മൂല്യനിർണ്ണയം **(Formative Assessment):** ക്വിസുകൾ, ചെറിയ ടെസ്റ്റുകൾ, വാചിക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.
- സമ്മേറ്റീവ് മൂല്യനിർണ്ണയം **(Summative Assessment):** വാർഷിക പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക.

- നാല് ഭാഷാശേഷികളുടെയും വിലയിരുത്തൽ: കേൾക്കൽ, സംസാരം, വായന, എഴുത്ത് എന്നീ ശേഷികൾക്ക് തുല്യ പ്രാധാന്യം നൽകി വിലയിരുത്തൽ നടത്തുക.

**<u>അധ്യാപക പരിശീലനം (Teacher Training):</u>**

- അറബി ഭാഷാ പഠനത്തിലെ പുതിയ പ്രവണതകളെയും പഠനരീതികളെയും കുറിച്ച് അധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകുക.
- സാങ്കേതികവിദ്യ ഉപയോഗിച്ച് അറബി പഠിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഭാഷാ പഠനത്തിലെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയെ അഭിമുഖീകരിക്കാൻ അധ്യാപകരെ സജ്ജരാക്കുക.

**<u>പഠനസാമഗ്രികൾ (Learning Materials):</u>**

- പാഠപുസ്തകങ്ങൾ
- ഓഡിയോ-വിഷ്വൽ സാമഗ്രികൾ (ചിത്രങ്ങൾ, ഫ്ലാഷ് കാർഡുകൾ, ഓഡിയോ ടേപ്പുകൾ, വീഡിയോകൾ)
- ഡിജിറ്റൽ പഠന സഹായികൾ (അറബിക് ആപ്പുകൾ, വെബ്സൈറ്റുകൾ)
- അറബി കഥാപുസ്തകങ്ങൾ (ലളിതമായവ)
- നിഘണ്ടുക്കൾ (ഇംഗ്ലീഷ്-അറബിക്, മലയാളം-അറബിക്)
- കളിപ്പാട്ടങ്ങളും ഗെയിമുകളും (അറബി അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉൾക്കൊള്ളുന്നത്)

**<u>പ്രവർത്തന കലണ്ടർ (Activity Calendar) :</u>**

- ആഴ്ചതോറും: സംഭാഷണ ക്ലാസ്സുകൾ, പദസമ്പത്ത് പഠനം, ലളിതമായ വായന, എഴുത്ത് പരിശീലനം.
- മാസത്തിലൊരിക്കൽ: അറബി ഗാനം/കഥ അവതരണം, ചെറിയ ക്വിസ്, റോൾ പ്ലേ.
- അധ്യയന വർഷത്തിൽ: അറബി ഭാഷാ ദിനാചരണം, അറബി കവിതാ പാരായണം/ പ്രസംഗ മത്സരം, അറബി ഭാഷാ പ്രദർശനം.

**<u>പ്രതിബന്ധങ്ങളും പരിഹാരങ്ങളും (Challenges and Solutions):</u>**

- വെല്ലുവിളി: വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള താത്പര്യക്കുറവ്.
  - പരിഹാരം: രസകരമായ പഠനരീതികൾ, കളിയിലൂടെ പഠനം, പ്രായോഗിക ഉപയോഗത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ.
- വെല്ലുവിളി: പരിമിതമായ പഠന സാമഗ്രികൾ.

    - പരിഹാരം: ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുക, അധ്യാപകർക്ക് സ്വന്തമായി സാമഗ്രികൾ നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക.

- വെല്ലുവിളി: അധ്യാപകർക്ക് പുതിയ പഠനരീതികളെക്കുറിച്ചുള്ള അറിവില്ലായ്മ.
    - പരിഹാരം: നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

- വെല്ലുവിളി: അറബി ഭാഷ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനുള്ള സാഹചര്യങ്ങളുടെ അഭാവം.
    - പരിഹാരം: സ്കൂളിൽ അറബി ക്ലബ്ബുകൾ രൂപീകരിക്കുക, അറബി ഭാഷാ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ലളിതമായ അറബി സംഭാഷണങ്ങൾ ക്ലാസ്സിൽ പ്രോത്സാഹിപ്പിക്കുക.


പി.ടി ഫിറോസ് ഖാൻ

എം.എച്ച്.എം.എ.യു.പി. സ്കൂൾ കിളിനക്കോട്

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പഠിതാക്കൾ നേടിയെടുക്കൽ | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ രീതിശാസ്ത്രപരമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേനാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സഹഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നമ്മുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിരാഗസി-ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി**<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലളിതമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആകർഷകമാക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രസങ്കേതങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർ മൈൻഡ്**<br>ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രഗത്ഭരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട അറിവ് സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ക്വിസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രജ്ഞന്മാർ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണാത്മകത വർദ്ധിപ്പിക്കൽ | Atal Tinkering Laboratory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള തന്മാത്രകളും, അവയുടെ ഘടനാരൂപങ്ങളും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിക് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 **ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അദ്ധ്യാപനം മുതൽ ആരംഭിക്കുന്നതിനായി ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പാഠങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന:** തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി.ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം:** ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം ശിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

SUB : ENGLISH – ACADAMIC MASTER PLAN - UP.

| Aims | Activities | Duration | Duty | Finance |
| --- | --- | --- | --- | --- |
| To improve listening skill | ❖ Listening to Poems (ICT)<br>❖ English News Channels and Radio<br>❖ Skit and Conversation<br>❖ Watching English Movies, Documentry, Interviews<br>❖ Listening to Phonetic Sounds | June to August<br>Daily | Class teacher<br>English teacher | |
| To improve speaking skill | ❖ English Day<br>❖ English Assembly<br>❖ Game instructions<br>❖ Skit and Conversation<br>❖ Day Celebration<br>❖ Speech on different topics<br>❖ Conducting Quiz Competitions<br>❖ Conducting short Seminars group discussions etc. | August to October<br>Weekly<br>Daily<br>Weekly<br>Weekly<br>Monthly<br>Monthly<br>Monthly | Class teacher<br>English teacher | |

Head Master

| Aims | Activities | Duration | Duty | Finance |
| --- | --- | --- | --- | --- |
| To improve reading skill | ❖ Library<br>❖ Reading corner in the class.<br>❖ Newspaper Reading<br>❖ Picture Reading<br>❖ Journals of great personalities<br>❖ Reading signboards and posters (ICT)<br>❖ Using Reading Materials effectively | Daily | Class teacher<br>English teacher | |
| To improve writing-skill | ❖ English workshops<br>❖ Wall magazines<br>❖ Writing letters on Postal cards<br>❖ Self Dictionary, Poster Making<br>❖ English Magazine<br>❖ Designing Invitation card and greeting cards (ICT)<br>❖ Writing stories and speech on different topics<br>❖ Caption writing competition<br>❖ Hand writing competition<br>❖ Dairy writing<br>❖ Newspaper Reports<br>❖ Editing different discourses | December to March<br>Weekly<br>Monthly<br>Termly<br>Weekly<br>Monthly<br>Monthly<br>Weekly<br>Weekly<br>Monthly<br>Daily<br>Weekly<br>Weekly | Class teacher<br>English teacher | |

| | | | | |
|---|---|---|---|---|
| To improve reading skill | Using the library book<br>English Reading competition<br>Newspaper Reading<br>Using Reading Materials effectively<br>Picture Reading<br>Journals of great personalities<br>Posters, signboards posters, Notices and Write ups(ICT)<br>Conducting quiz competition | Daily | Class teacher<br>English teacher<br>Computer<br>Experts | |
| To improve writing-skill | Wall magazines and News paper preparation.<br>Story writing<br>Diary writings<br>Poster making<br>Script writing<br>Report on debate and seminars<br>Break longer expressions into smaller ones.<br>Dictionary making<br>Composing Choreography<br>Designing greeting and invitation cards (ICT,<br>Caption writing competition<br>Hand writing competition, Making Riddles and Puzzles, Making flash news and Newspaper Reports<br>Editing different discourses | December to March<br>Weekly<br>Monthly<br>Termly<br>Weekly<br>Monthly<br>Monthly<br>Daily<br>Weekly<br>Weekly | Class teacher<br>English teacher<br>Resource<br>Person<br>Computer<br>Experts | |

## ഖൈല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, ഗണിതക്കിറ്റ്, മുത്തുകൾ, ഫ്ലാഷ് കാർഡ് ...... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരവിരുത് ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം ആസ്വാദ്യമാക്കൽ | **ഗണിത പാർക്ക്** ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം** ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (റിട്ട. വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, രാശികൾ ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

BioVision

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
| --- | --- | --- | --- | --- |
| [illegible] | **ഗണിത ക്ലിനിക്**<br>[illegible] | [illegible] | [illegible] | |
| [illegible] | **ദിനാചരണം**<br>[illegible] SRG [illegible] | [illegible] | SRG | |